# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## തെക്കുംകര ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020

ഇ-മെയിൽ: dotsr.ksad@kerala.gov.in
ഫോൺ : 0487-2331249

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA TSR P 13/293/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020
തീയ്യതി: 30/03/2023
ഇ-മെയിൽ: dotsr.ksad@kerala.gov.in
ഫോൺ: 0487-2331249

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
തെക്കുംകര ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : തെക്കുംകര ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം തെക്കുംകര ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA TSR P 13/293/2023 തീയ്യതി: 30/03/2023

## തൃശ്ശൂർ ജില്ലയിലെ തെക്കുംകര ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ തെക്കുംകര ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 15-07-2022 മുതൽ 06-02-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 15-07-2022 മുതൽ 31-12-2022 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 25 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 10 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.സതീശൻ.എൻ | ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ.) | 07-02-2023 | 16-02-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 07-02-2023 | 16-02-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| സുനിൽകുമാർ ടി.വി | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| അരുൺ ജോൺ ടി | സെക്രട്ടറി | 01-04-2021 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ജിൻസി ജോസഫ് | കൃഷി ഓഫീസർ | 01-04-2021 | 31-03-2022 |
| നിഖിൽ രാജ് സി.എൻ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2021 | 16-11-2021 |
| സുരഭി സി.എസ് | അസിസ്റ്റന്റ് എഞ്ചിനീയർ | 17-11-2021 | 31-12-2021 |
| നിഖിൽ രാജ് സി.എൻ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-01-2021 | 31-03-2022 |
| ഡോ.ഷാര | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി)) | 01-04-2021 | 31-03-2022 |
| ഡോ.ബിന്ദു ഭാസ്കർ | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2021 | 31-03-2022 |
| ഡോ.ഫ്രാങ്കോ | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 01-04-2021 | 31-03-2022 |
| നദീറ ബക്കർ | പ്രധാന അദ്ധ്യാപിക | 01-04-2021 | 31-03-2022 |
| ജിഷ ആർ.എം | വി.ഇ.ഒ -1 (കല്ലംപാറ സർക്കിൾ) | 01-04-2021 | 31-03-2022 |
| ജിഷ ആർ.എം | വി.ഇ.ഒ -2 (തെക്കുംകര സർക്കിൾ) | 01-04-2021 | 06-10-2021 |
| പ്രീത കെ | വി.ഇ.ഒ - 2 (തെക്കുംകര സർക്കിൾ) | 07-10-2021 | 01-02-2022 |
| ജിഷ ആർ.എം | വി.ഇ.ഒ - 2 (തെക്കുംകര സർക്കിൾ) | 02-02-2021 | 31-03-2022 |
| ശോഭന പി.കെ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2021 | 31-03-2022 |
| സിന്ധു എ.കെ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2021 | 17-09-2021 |
| ഡോണ വിജയൻ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 18-09-2021 | 31-03-2022 |
| നന്ദിനി ടി | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2021 | 18-04-2021 |
| ജെസീല യു.എ | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 19-04-2021 | 04-01-2022 |
| നന്ദിനി ടി | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 05-01-2021 | 31-03-2022 |

| | | | |
|---|---|---|---|
| രഞ്ജു ഏലിയാസ് | വെറ്ററിനറി സർജൻ | 01-04-2021 | 08-11-2021 |
| അനീഷ് രാജ് | വെറ്ററിനറി സർജൻ | 09-11-2021 | 31-03-2022 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പത്രിക പ്രകാരം) | 1-3 |
| 4 | ഫണ്ട് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | ക്ഷേമപെൻഷനുകൾ | 1-6 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-7 |
| 8 | ക്യാഷ് ബാലൻസ് പരിശോധന | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 10 | വാർഷിക കണക്ക് പരിശോധന | 1-10 |
| 11 | വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല | 1-10-1 |
| 12 | വസ്തു നികുതി-സഞ്ചയ,ILGMS പൊരുത്തപ്പെടുന്നില്ല | 1-10-2 |
| 13 | വസ്തുനികുതി-സമയബന്ധിതമായി ഡിമാന്റ് രേഖപ്പെടുത്തൽ ഇല്ല | 1-10-3 |
| 14 | ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല | 1-10-4 |
| 15 | കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ്- കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല | 1-10-5 |
| 16 | അഡ്വാൻസ് രജിസ്റ്ററിൽ സംക്ഷിപ്തം രേഖപ്പെടുത്തിയിട്ടില്ല | 1-10-6 |
| 17 | തൊഴിലുറപ്പ്പദ്ധതിയുടെ മുഴുവൻ ചെലവുകളും വാർഷികകണക്കിൽ ഉൾപ്പെട്ടിട്ടില്ല | 1-10-7 |
| 18 | കാലാവധി കഴിഞ്ഞ ചെക്കുകൾ ക്രമീകരിച്ചിട്ടില്ല | 1-10-8 |
| 19 | ബാങ്കിൽ നിക്ഷേപിച്ചിട്ട് ഒരു മാസത്തിന് മുകളിലായിട്ടും ക്യാഷ് ചെയ്യാത്ത ചെക്കുകൾ | 1-10-10 |
| 20 | Directly Debited By Bank | 1-10-11 |
| 21 | Directly Credited By Bank | 1-10-12 |
| 22 | സുലേഖ ചെലവ് പത്രിക കൃത്യമല്ല | 1-10-13 |
| 23 | പ്രത്യേകോദ്ദേശ്യ ഗ്രാന്റ് തുകകൾ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല | 1-10-14 |
| 24 | വായ്പ തുക വാർഷികകണക്കിൽ നെഗറ്റീവ് ആയി രേഖപ്പെടുത്തി | 1-10-15 |
| 25 | തൊഴിൽ നികുതി ഈടാക്കായിട്ടില്ല | 1-11 |
| 26 | ഫാക്ടറികൾക്കും വ്യാപാര സ്ഥാപനങ്ങൾക്കും ലൈസൻസ് അനുവദിക്കൽ- അപാകതകൾ | 1-12 |

| | | |
|---|---|---|
| 27 | സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല | 1-13 |
| 28 | റസിഡൻഷ്യൽ കെട്ടിടങ്ങളുടെ വസ്തുനികുതി ഇളവ് നൽകിയതിലെ അപാകതകൾ | 1-14 |
| 29 | നോൺ റസിഡൻഷ്യൽ കെട്ടിടങ്ങളുടെ വസ്തുനികുതി ഈടാക്കിയതിലെ അപാകതൾ | 1-15 |
| 30 | മച്ചാട് സുസ്ഥിര വികസന വാണിജ്യ വ്യവസായഗ്രാമം സ്റ്റാഫിന് വേതനം- മാർഗരേഖയ്ക്ക് വിരുദ്ധം-94738/- രൂപ തടസ്സപ്പെടുത്തുന്നു | 1-16 |
| 31 | വിനിയോഗ സാക്ഷ്യപത്രങ്ങൾ ലഭ്യമായിട്ടില്ല | 1-17 |
| 32 | തെരുവ് വിളക്കുകളുടെ എണ്ണവും തരവും ഉറപ്പ് വരുത്താതെ തുക അനുവദിച്ചു | 1-18 |
| 33 | കെ.എസ്.ഇ.ബി.യിൽ തുക ഡെപ്പോസിറ്റ് ചെയ്തതിന്റെ പൂർത്തീകരണവിവരമില്ല | 1-19 |
| 34 | സൂപ്പർവിഷൻ ചാർജ് അധികം നൽകി | 1-20 |
| 35 | പൗരാവകാശ രേഖ പ്രസിദ്ധീകരിയ്ക്കൽ -നടപടിക്രമങ്ങൾ പാലിച്ചില്ല- 150000/- രൂപ തടസ്സപ്പെടുത്തുന്നു | 1-21 |
| 36 | പ്രൊജ.–325/22 കൃഷി ഭവൻ ആഫീസിലേക്ക് കമ്പ്യൂട്ടർ പ്രിന്റർ വാങ്ങൽ--പദ്ധതി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി തുക ചെലവഴിച്ചു | 1-22 |
| 37 | പ്രൊജ.–46/22 ആഴ്ച ചന്ത ന്യൂനതകൾ | 1-23 |
| 38 | 15/22- പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ്ടോപ് വാങ്ങി നല്കൽ നിശ്ചിത സ്പെസിഫിക്കേഷൻ പ്രകാരമല്ല. | 1-24 |
| 39 | ICDS നടപ്പാക്കിയ പ്രൊജക്റ്റുകൾ --ന്യൂനതകൾ | 1-25 |
| 40 | പ്രൊജ.–233/22 വാഴാനി സൗന്ദര്യ വൽക്കരണം | 1-26 |
| 41 | MNREGA പ്രവൃത്തികൾ --ആദായനികുതി/ജി.എസ്.ടി ----ടി.ഡി.എസ് ഈടാക്കിയിട്ടില്ല. | 1-27 |
| 42 | കാലിബാരലുകളുടെ വിലയിന്മേൽ GSTഈടാക്കിയത് GSTവകുപ്പിലേക്ക് അടവാക്കിയിട്ടില്ലാ | 1-28 |
| 43 | പ്രൊജ. നം. 297/22 വിവിധ പദ്ധതികളുടെ ഡി.പി.ആർ തയ്യാറാക്കൽ എഞ്ചിനിയറിങ്ങ് കോളേജിന് തുക നല്കൽ-- പ്രൊജ. നം. 385/20 വിവിധ പദ്ധതികളുടെ ഡി.പി.ആർ തയ്യാറാക്കൽ എഞ്ചിനിയറിങ്ങ് കോളേജിന് തുക നല്കൽ ഗ്രാമപഞ്ചായത്തിനുള്ള സേവനങ്ങൾക്ക് GST നല്കേണ്ടതില്ല. | 1-29 |
| 44 | റോഡു പ്രവൃത്തികൾക്ക് 5% ന്റ പകരം 10% ഓവർഹെഡ് ചാർജ്ജസ് അനുവദിച്ചിരിക്കുന്നു. | 1-30 |
| 45 | മണ്ണിന്റെ വിനിയോഗം ലഭ്യമാക്കിയിട്ടില്ല | 1-31 |
| 46 | KIIFB പദ്ധതികളുടെ വെറ്റിങ്ങ് എഞ്ചിനിയറിങ്ങ് കോളേജിന് തുക നല്കിയത് ക്രമപ്രകാരമല്ല | 1-32 |

ഭാഗം **2**

| | | |
|---|---|---|
| --- No Records Found --- | | |
| **ഭാഗം 3** | | |
| --- No Records Found --- | | |
| **ഭാഗം 4** | | |
| 1 | സംയുക്തപ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് | 4-3 |
| 4 | വായ്പ/വായ്പ തിരിച്ചടവ് | 4-4 |
| 5 | സ്ഥിരനിക്ഷേപം | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകൾ | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാനവശേഷിക്കുന്ന ഖണ്ഡികകൾ | 4-10 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

ബജറ്റ് / റിവൈസ്ഡ്ബജറ്റ്എന്നിവസംബന്ധിച്ച്

| | | |
|---|---|---|
| പാസ്സാക്കിയതിയതി | 15.02.2021 | |
| കമ്മിറ്റിതീരുമാനം | 1(1) | |
| പ്രതീക്ഷിതവരവ്, ചെലവ്എന്നിവ | വരവ് | ചെലവ് |
| | 334877670- | 331591000 |
| റിവൈസ്ഡ്ബജറ്റ് | | |
| പാസ്സാക്കിയതിയതി<br>കമ്മിറ്റിതീരുമാനം<br><br>റിവൈസ്ഡ്ബജറ്റ് | 21.03.2022 | |
| കമ്മിറ്റിതീരുമാനം | 1 (1) | |
| പ്രതീക്ഷിതവരവ്,<br>ചെലവ്എന്നിവ | വരവ് | ചെലവ് |
| | 370150670- | 367047720- |

ബജറ്റുമായി ബന്ധപ്പെട്ട് ഓഡിറ്റ് കാലയളവിലെ അപാകതകൾ താഴെ ചേർക്കുന്നു.

(I) ബജറ്റ് സിംഗിൾ എൻട്രി സമ്പ്രദായത്തിലും വാർഷിക ധനകാര്യപത്രിക അക്രൂവൽ അടിസ്ഥാനത്തിൽ ഡബിൾ എന്ട്രി സമ്പ്രദായത്തിലും തയ്യാറാക്കിയിട്ടുള്ളതിനാൽ ഇവ തമ്മിൽ താരതമ്യം ചെയ്യാൻ ഓഡിറ്റിന് കഴിഞ്ഞിട്ടില്ല.

(Ii) സ.ഉ (ആർ.റ്റി) 3291/16 തി 2-12-16 പ്രകാരം ബഡ്ജറ്റ് എസ്റ്റിമേറ്റുകളിന്മേൽ മാസാന്ത്യ വർഷാന്ത്യ അവലോകനം നടത്തിയിട്ടില്ല.

( Iii) കേരള പഞ്ചായത്ത് നിയമം 214(7) ആവശ്യപ്പെടുന്നതു പ്രകാരം ബഡ്ജറ്റ് എസ്റ്റിമേറ്റിന്റെ പകർപ്പ് സംസ്ഥാന ഓഡിറ്റ് വകുപ്പിന് നൽകിയിട്ടില്ല.

മേൽപ്രകാരം അപാകതകൾ ഭാവിയിൽ ആവർത്തിക്കാതിരിക്കുന്നതിന് ശ്രദ്ധ ചെലുത്തേണ്ടതാണ്.

### 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2022 | 26.07.2022 |

### 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പത്രിക പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 1,55,28,985.45 |
| വരവ് | 13,83,45,133 |
| ആകെ | 15,38,74,118.45 |
| ചെലവ് | 13,23,29,977 |
| നീക്കിയിരിപ്പ് | 2,15,44,141.45 |

### 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|
| വികസന ഫണ്ട് – ജനറൽ (എസിആർ പ്രകാരം) | 0 | 1,63,17,252 | 1,63,17,252 | 1,63,10,600 | 6,652 |

| | | | | | |
|---|---|---|---|---|---|
| വികസന ഫണ്ട് – എസ്.സി.പി. (ACR പ്രകാരം) | 0 | 67,14,000 | 67,14,000 | 64,46,000 | 2,68,000 |
| വികസന ഫണ്ട് – ടി.എസ്.പി. (ACR പ്രകാരം) | 0 | 19,400 | 19,400 | 0 | 19,400 |
| മെയിന്റനൻസ് റോഡ് (ACR പ്രകാരം) | 0 | 2,22,96,218 | 2,22,96,218 | 1,88,96,223 | 33,99,995 |
| മെയിന്റനൻസ് നോൺറോഡ് (ACR പ്രകാരം) | 0 | 74,57,572 | 74,57,572 | 47,98,080 | 26,59,492 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ബേസിക് ഗ്രാന്റ് (ACR പ്രകാരം) | 0 | 45,97,545 | 45,97,545 | 31,88,123 | 14,09,422 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ടൈഡ് ഗ്രാന്റ് | 0 | 91,46,967 | 91,46,967 | 25,80,474 | 65,66,493 |

## 1-5 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചവ | അടങ്കൽ (തുക) | നടപ്പിലാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | നടപ്പാക്കിയ പദ്ധതിത്തുകയുടെ ശതമാനം | നടപ്പാക്കിയ പ്രൊജക്റ്റുകളുടെ എണ്ണത്തിന്റെ ശതമാനം |
|---|---|---|---|---|---|
| 249 | 26,00,97,966 | 179 | 12,34,24,623 | 47.45 | 71.88 |

## 1-6 ക്ഷേമപെൻഷനുകൾ

| ക്ഷേമപെൻഷൻ | ചെലവ് തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിതവേതനം | 53,880 | 47 |
| കർഷകതൊഴിലാളി പെൻഷൻ | 1,00,87,900 | 629 |
| വിധവാ പെൻഷൻ | 2,25,21,400 | 1449 |
| വാർദ്ധക്യകാല പെൻഷൻ | 3,79,45,200 | 2642 |
| വികലാംഗ പെൻഷൻ | 62,80,900 | 397 |
| 50വയസ്സിന് മേൽപ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 32,58,200 | 213 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം | 3,90,000 | 13 |

## 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 8,88,848 | 11,29,364 | 20,18,212 | 20,18,207 | 5 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 5,25,96,287 | 5,25,96,287 | 5,25,96,287 | 0 |

ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്ന തുക വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല. ഭരണചെലവു തുക

വാർഷികകണക്കുമായി പൊരുത്തപ്പെടുന്നില്ല.

### 1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 08.02.23 തീയതിയിൽ 3.00 PM ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 6955/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

### 1-9 ആഭ്യന്തര നിയന്ത്രണം

ആഭ്യന്തര നിയന്ത്രണ സംവിധാനം തൃപ്തികരമാണ്. റജിസ്റ്ററുകളും, വൗച്ചറുകളും മറ്റു രേഖകളും ഏറെക്കുറെ നന്നായി സൂക്ഷിച്ചിട്ടുണ്ട്. ഫ്രണ്ട് ഓഫീസ് നന്നായി പ്രവർത്തിച്ചു വരുന്നു. ആസ്തി റജിസ്റ്റർ കാലികമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഗ്രാമപഞ്ചായത്തിൽ ആഭ്യന്തരനിയന്ത്രണ സംവിധാനവുമായി ബന്ധപ്പെട്ട് കാണപ്പെട്ട മറ്റു പോരായ്മകൾ ഓഡിറ്റ് റിപ്പോർട്ടിൽ അതത് ഓഡിറ്റ് പരാമർശങ്ങളിൽ പ്രതിപാദിച്ചിട്ടുണ്ട്.

### 1-10 വാർഷിക കണക്ക് പരിശോധന

2021-22 വർഷത്തെ വാർഷിക കണക്ക് പരിശോധിച്ചതിൽ, താഴെ പറയുന്ന അപാകതകൾ കണ്ടെത്തിയിട്ടുള്ളതാണ്. എയിംസിൽ സമർപ്പിച്ച വാർഷിക കണക്കുകളും മാന്വലായി പുതുക്കി സമർപ്പിച്ച വാർഷിക കണക്കുകളും തമ്മിൽ വ്യത്യാസമുണ്ട്. മാന്വലായി പുതുക്കി സമർപ്പിച്ച വാർഷിക കണക്കുകളാണ് പരിശോധനയ്ക്ക് എടുത്തിട്ടുള്ളത്.
(ഓഡിറ്റ് എൻക്വയറി നം.3/10.02.2023, ഓഡിറ്റ് എൻക്വയറി നം.16/14.02.2023 )

### 1-10-1 വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല

വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011, ചട്ടം 62 (എഫ്)

### 1-10-2 വസ്തു നികുതി-സഞ്ചയ,ILGMS പൊരുത്തപ്പെടുന്നില്ല

വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ നിന്നും ലഭിക്കുന്ന വസ്തുനികുതി ഡിമാന്റ് തുക ആണ് കണക്കുകൾ തയ്യാറാക്കുന്ന സോഫ്റ്റ്‌വെയർ ആയ "ILGMS ലെ ഫിനാൻസ് മൊഡ്യൂൾ"ൽ ഡിമാന്റ് ആയി ചേർക്കുന്നത്. വസ്തുനികുതി സ്വീകരിച്ച് രസീത് നൽകുന്നതും ലെഡ്ജർ തയ്യാറാക്കുന്നതും "ILGMS എന്ന ERP യിലെ ഫിനാൻസ് മൊഡ്യൂൾ" ഉപയോഗിച്ചാണ്. ഇതിലെ രസീത് കളക്ഷനാണ് വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ യാന്ത്രികമായി പോസ്റ്റ് ചെയ്യപ്പെടുന്നതും. ഇപ്രകാരം തയ്യാറാക്കുന്നതിനാൽ ഡി.സി.ബി രജിസ്റ്റർ പ്രകാരവും വാർഷികകണക്കുകളിലെ പത്രികകൾ പ്രകാരവുമുള്ള ഡിമാന്റ്, കളക്ഷൻ, നീക്കിയിരിപ്പ് എന്നീ ഇനങ്ങളിലെ തുകകൾ പൊരുത്തപ്പെടേണ്ടതാണ്. എന്നാൽ "സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെയും ലൈബ്രറി സെസ്സിന്റെയും ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളും "ILGMS ലെ ഫിനാൻസ് മൊഡ്യൂൾ" -ൽ തയ്യാറാക്കിയ വാർഷിക കണക്കിലെ തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല. മേൽ സാഹചര്യത്തിൽ വാർഷികകണക്കുകളും, ഡി.സി.ബി രജിസ്റ്ററും പൊരുത്തപ്പെടാതിരിക്കുന്നതിന് കാരണം കണ്ടെത്തി പരിഹരിക്കേണ്ടതാണ്.

1)റെസിഡൻഷ്യൽ(തൻവർഷം)

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| ഡിസിബി തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 2216993 | 22,01,233 | 17730 | 0 |

| | | | | |
|---|---|---|---|---|
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 2216993 | 21,99,263 | 17730 | 0 |
| | (ഇൻകം &എക്സ്പെൻഡിച്ചർ അക്കൗണ്ട്,ഷെഡ്യൂൾ ഐ-1) | (റസീറ്റ് & പേയ്മെന്റ് പത്രിക ,ഷെഡ്യൂൾ ആർ.പി-45) | ( 350410101-Advance Collection-PT On Res. Bldg-ന്റെ ലെഡ്ജർ) | |

1. കളക്ഷൻ തുക പൊരുത്തപ്പെടുന്നില്ല.

2.സഞ്ചയ സോഫ്റ്റ്‌വെയറിൽ യഥാർത്ഥ കളക്ഷനെക്കാൾ ₹1970 കൂടുതൽ പോസ്റ്റിംഗ് വന്നതായി കാണുന്നു. അതായത് രസീതിൽ ചേർക്കാതെ നേരിട്ട് ഡിസിബി തയ്യാറാക്കുന്ന സോഫ്റ്റ്‌വെയറിൽ പോസ്റ്റിംഗ് നടത്തിയതായി കാണുന്നു. ഇത് പരിശോധിക്കേണ്ടതാണ്.

<u>2.വസ്തു നികുതി -നോൺ റെസിഡെൻഷ്യൽ (തൻവർഷം)-ഡിമാന്റ് രജിസ്റ്ററും വാർഷികകണക്കും പൊരുത്തപ്പെടുന്നില്ല</u>

നോൺ-റെസിഡൻഷ്യൽ(തൻവർഷം)

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| ഡിസിബി തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 1021870 | 1019784 | 2398 | 0 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 1021870 | 1019472 | 2398 | 0 |
| | (ഇൻകം &എക്സ്പെൻഡിച്ചർ അക്കൗണ്ട്,ഷെഡ്യൂൾ ഐ-1) | (റസീറ്റ് & പേയ്മെന്റ് പത്രിക ,ഷെഡ്യൂൾ ആർ.പി-45) | ( 350410104-Advance Collection-PT On NR Bldg-ന്റെ ലെഡ്ജർ) | |

1.കളക്ഷൻ തുക പൊരുത്തപ്പെടുന്നില്ല.

2.സഞ്ചയ സോഫ്റ്റ്‌വെയറിൽ യഥാർത്ഥ കളക്ഷനെക്കാൾ ₹312 കൂടുതൽ പോസ്റ്റിംഗ് വന്നതായി കാണുന്നു. അതായത് രസീതിൽ ചേർക്കാതെ നേരിട്ട് ഡിസിബി തയ്യാറാക്കുന്ന സോഫ്റ്റ്വെയറിൽ പോസ്റ്റിംഗ് നടത്തിയതായി കാണുന്നു. ഇത് പരിശോധിക്കേണ്ടതാണ്.

3.ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 “Other Liabilities” എന്ന ശീർഷകത്തിൽ വസ്തുനികുതിയിനത്തിൽ മുൻകൂർ ആയി ലഭിച്ചതും എന്നാൽ 30/3/2022 ൽ ക്രമീകരിക്കാൻ അവശേഷിക്കുന്നതുമായ തുക ചേർത്തിരിക്കുന്നതും "സഞ്ചയ" സോഫ്റ്റ്‌വെയറിൽ ഈയിനത്തിൽ ചേർത്തിരിക്കുന്ന തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

| ക്ര.ന | ശീർഷകം | ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 പ്രകാരമുള്ള തുകകൾ | സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള തുകകൾ |
|---|---|---|---|
| 1 | 350410101-Advance Collection Of Revenues -Property Tax On Residential Building | 407302 | 446210 |

| | | | |
|---|---|---|---|
| 2 | 350410101-Advance Collection Of Revenues -Property Tax On Non-Residential Building | 1019 | 22919 |

## 1-10-3 വസ്തുനികുതി-സമയബന്ധിതമായി ഡിമാന്റ് രേഖപ്പെടുത്തൽ ഇല്ല

1/4/2021 ൽ നിലവിലുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി ഡിമാന്റ് തുക (റെസിഡൻഷ്യൽ/നോൺ റസിഡൻഷ്യൽ) വർഷാരംഭത്തിൽ ഡിമാന്റ് തുകയായി രേഖപ്പെടുത്തേണ്ടിയിരുന്നതും 2021-22ൽ അസസ്സ്ചെയ്യപ്പെടുന്ന വസ്തുനികുതി ഉൾപ്പെടെയുള്ള, അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റ്, അസസ്സ്മെന്റ് രജിസ്റ്റർ, അസസ്സമെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻടി മുഖേന ചേർക്കേണ്ടിയിരുന്നതുമാണ്.(കേരള പഞ്ചായത്ത് രാജ് അക്കൌണ്ട് ചട്ടങ്ങൾ,ചട്ടം 17(2)) .പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എന്ട്രികൾ മുഖേന ചെയ്യേണ്ടതുമാകുന്നു. ഈ രേഖപ്പെടുത്തൽ ജേണൽ വൌച്ചർ, വർക് ഷീറ്റ്, നിയമാനുസൃത അനുമതി എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ്ടത്. 2021-22 വർഷത്തിൽ തെക്കുംകര ഗ്രാമപഞ്ചായത്തിൽ 320 പുതിയ കെട്ടിടങ്ങൾക്ക് നികുതി ചുമത്തിയിട്ടുണ്ട്. എന്നാൽ 2021-22 ലെ “110100101-Property Tax On Residential Buiding” എന്ന ശീർഷകത്തിലേയും “110100103-Property Tax On Non Residential Building” എന്ന ശീർഷകത്തിലേയും ലെഡ്ജറുകൾ പരിശോധിച്ചതിൽ നിന്നും 2021-22 സാമ്പത്തിക വർഷത്തെ ഡിമാന്റ് ഒറ്റത്തവണ മാത്രം രേഖപ്പെടുത്തിയിരിക്കുന്നതായി കാണുന്നു. ഈ ഡിമാന്റ് എൻടികൾക്കും സാധുത നല്കുന്ന വൌച്ചറുകളും ഇല്ല. “സഞ്ചയ" സോഫ്റ്റ് വെയറിൽ നിന്നും വർഷാവസാനം ഉള്ള ഡിമാന്റ് തുകയിലേക്ക് വാർഷികകണക്കിലെ തുക ക്രമീകരിക്കുന്ന രീതിയിൽ രേഖപ്പെടുത്തലുകൾ നടത്തിവരുകയാണ് ചെയ്യുന്നത് എന്ന് ഇതിൽ നിന്ന് വ്യക്തമാണ്. ആയതിനാൽ നിയമപ്രകാരമുള്ള റമിഷൻ ,എഴുതി തള്ളൽ തുടങ്ങിയവ സംബന്ധിച്ച് കണക്കുകളിൽ രേഖപ്പെടുത്തൽ ഇല്ലാതെ പോകുന്നു. ചട്ടത്തിൽ നിർദ്ദേശിച്ച രീതിയിൽ വസ്തുനികുതിഡിമാന്റ് നിയമപ്രകാരം ഉത്ഭവിക്കുന്ന സമയത്ത് തന്നെ രേഖപ്പെടുത്തലുകൾ വരുത്തുന്നതിനും രജിസ്റ്ററുകളുമായി പ്രതിമാസ പൊരുത്തപ്പെടുത്തൽ നടത്തി ആഭ്യന്തരനിയന്ത്രണ സംവിധാനം ഫലപ്രദമാക്കുന്നതിനും, ഡിമാന്റ് എൻടികൾക്ക് സാധുത നല്കുന്ന വൌച്ചറുകളും അനുബന്ധ രേഖകളും സൂക്ഷിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതുമാണ്.

## 1-10-4 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല

ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ബാലൻസ്ഷീറ്റിൽ പരാമർശിച്ചിട്ടുള്ള സ്ഥിരാസ്തികളുടെ അസ്തിത്വവും മൂല്യവും പരിശോധിക്കാൻ സാധിക്കുന്ന മാതൃകയിലല്ല ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നത്.

## 1-10-5 കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ്- കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല

വാർഷികകണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ താഴെ ചേർത്തിരിക്കുന്ന ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല.

കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2021-22 കാലയളവിലെ "Net Increase In Cash And Cash Equivalents” ആയി രേഖപ്പെടുത്തിയിരിക്കുന്നത് 60,15,156/- രൂപയാണ്.എന്നാൽ ഇതെ പത്രികയിൽ 2021-22 കാലയളവിൽ "Net Cash Generated By Operating+Investing+Financing Activity” ആയി രേഖപ്പെടുത്തിയിരിക്കുന്നത് 1,68,02,331/-രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൌണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകൾ പൊരുത്തപ്പെടുന്നില്ല.

## 1-10-6 അഡ്വാൻസ് രജിസ്റ്ററിൽ സംക്ഷിപ്തം രേഖപ്പെടുത്തിയിട്ടില്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-18 “Loans Advances And Deposits” എന്ന ഷെഡ്യൂൾ പ്രകാരം താഴെ ചേർത്തിരിക്കുന്ന മുൻകൂർ ഇനങ്ങൾക്ക് അഡ്വാൻസ് രജിസ്റ്ററിൽ സംക്ഷിപ്തം രേഖപ്പെടുത്തിയിട്ടില്ല.

| ക്ര.ന | അഡ്വാൻസ് ശീർഷകം | 31/03/2022 ലെ നീക്കിയിരിപ്പ് |
|---|---|---|

| | | ബാലൻസ്ഷീറ്റ് പ്രകാരം | അഡ്വാൻസ് രജിസ്റ്റർ പ്രകാരം |
|---|---|---|---|
| 1 | 460500801 Advance To NREGA/AUEGS Administrative Expenses | 1395601 | സംക്ഷിപ്തം രേഖപ്പെടുത്തിയിട്ടില്ല |
| 2 | 460509901 Advance To Others | 24120 | സംക്ഷിപ്തം രേഖപ്പെടുത്തിയിട്ടില്ല |

## 1-10-7 തൊഴിലുറപ്പ്പദ്ധതിയുടെ മുഴുവൻ ചെലവുകളും വാർഷികകണക്കിൽ ഉൾപ്പെട്ടിട്ടില്ല

തൊഴിലുറപ്പ്പദ്ധതിയുടെ ഭരണചെലവുകൾ മാത്രമാണ് വാർഷികകണക്കിൽ ഉൾപ്പെടുത്തിയിട്ടുള്ളൂ. ആയത് വാർഷികകണക്കുമായി പൊരുത്തപ്പെടുന്നില്ല. MIS സ്റ്റേറ്റ്മെന്റ് പ്രകാരം വേതനവും മെറ്റീരിയൽ കോസ്റ്റുമായി 5,25,96,287/- ചെലവുണ്ട്. ആയത് വാർഷികകണക്കിൽ ഉൾപ്പെട്ടിട്ടില്ല.

## 1-10-8 കാലാവധി കഴിഞ്ഞ ചെക്കുകൾ ക്രമീകരിച്ചിട്ടില്ല

താഴെ ചേർത്തിരിക്കുന്ന കാലാവധി കഴിഞ്ഞ ചെക്കുകൾ "Liability In Respect Of Stale Cheque" എന്ന ബാധ്യത ശീർഷകത്തിലേയ്ക്ക് മാറ്റി ബാങ്ക് ബുക്ക് നീക്കിയിരിപ്പ് ക്രമീകരിച്ചിട്ടില്ല. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011(ചട്ടം 46)). ആയത് ക്രമീകരിക്കേണ്ടതാണ്.(SBI-5607)

| ചെക്ക് നമ്പർ | തീയ്യതി | തുക |
|---|---|---|
| 9233329 | 23.11.2021 | 8750 |

## 1-10-10 ബാങ്കിൽ നിക്ഷേപിച്ചിട്ട് ഒരു മാസത്തിന് മുകളിലായിട്ടും ക്യാഷ് ചെയ്യാത്ത ചെക്കുകൾ

ബാങ്ക് റീകൺസീലിയേഷൻ പത്രിക പ്രകാരം 1010രൂപ "Cheques Deposited But Not Credited" ആയി ഉൾപ്പെടുത്തിയിട്ടുണ്ട്. അതിൽ ബാങ്കിൽ നിക്ഷേപിച്ചിട്ട് ഒരു മാസത്തിന് മുകളിലായിട്ടും ക്യാഷ് ചെയ്യാത്ത താഴെ ചേർത്തിരിക്കുന്ന ചെക്കുകൾ ഉൾപ്പെടുന്നു.

State Bank Of India PUNNAMPARAMBU( 37110559357 )

| വൗച്ചർ നമ്പർ | തീയ്യതി | തുക |
|---|---|---|
| 1210000004 | 15-07-2021 | 380 |
| 1210000005 | 21-07-2021 | 120 |
| 1210000001 | 09-07-2021 | 380 |
| 1210000002 | 13-07-2021 | 120 |
| 1210000003 | 15-07-2021 | 10 |

ബാങ്കുമായി ബന്ധപ്പെട്ട് തുക ക്രെഡിറ്റ് ചെയ്യപ്പെടാതിരുന്നതിന് കാരണം പരിശോധിച്ച് തുടർനടപടി സ്വീകരിക്കേണ്ടതാണ്.

## 1-10-11 Directly Debited By Bank

താഴെ ചേർത്തിരിക്കുന്ന ബാങ്ക് അക്കൗണ്ട്പാസ്സ്ബുക്ക് ൽ വന്ന ഡെബിറ്റ് തുകകൾ 31/3/2022ലെ റീകൺസീലിയേഷൻ പത്രികയിൽ ഈ തുക "Directly Debited By Bank" എന്ന ശീർഷകത്തിൽ ഉൾപ്പെടുത്തി വരികയാണ് ചെയ്തിട്ടുള്ളത്. ബാങ്കുമായി ബന്ധപ്പെട്ട് ഈ ചെലവ് പഞ്ചായത്തുമായി ബന്ധപ്പെട്ടതാണോയെന്ന് പരിശോധിക്കേണ്ടതും ഈ തുക ബാങ്ക് തെറ്റായി കുറവ് ചെയ്തതാണെങ്കിൽ തുക തിരികെ പഞ്ചായത്തിന്റെ ബാങ്ക് അക്കൗണ്ടിൽ തിരികെ ക്രെഡിറ്റ് ചെയ്യുന്നതിന് നടപടി സ്വീകരിക്കേണ്ടതും, പഞ്ചായത്തുമായി ബന്ധപ്പെട്ട ഡെബിറ്റ് ആണെങ്കിൽ അത് ഉചിതമായ ശീർഷകത്തിൽ അതിന് ചെലവ് രേഖപ്പെടുത്തേണ്ടതും കണക്കിലെടുക്കേണ്ടതുമാണ്. ഈ തുക ബാങ്ക് പാസ്സ്ബുക്കിൽ രേഖപ്പെടുത്തലുകൾ വന്നിട്ട് മാസങ്ങൾ കഴിഞ്ഞാണ് വാർഷിക കണക്കുകൾ അന്തിമമാക്കിയിട്ടുള്ളതെങ്കിലും മേൽപ്രകാരം നടപടി സ്വീകരിക്കാത്തതിനാൽ ഈ തുകകൾ 2021-22 ലെ വാർഷിക കണക്കിൽ ഉൾപ്പെടാതെ പോയി. (SBI-5607)

| തീയ്യതി | തുക |
|---|---|
| 31.05.2021 | 25000 |
| 30.09.2021 | 11875 |
| 30.06.2021 | 20000 |
| 02.11.2020 | 30385 |
| 30.11.2021 | 2000 |
| ആകെ | 89260 |

## 1-10-12 Directly Credited By Bank

"Directly Credited By Bank" എന്ന ഇനത്തിൽ 5000/- രൂപ ഉൾപ്പെടുത്തിയാണ് റീകൺസീലിയേഷൻ പത്രിക (SBI-5607) പൊരുത്തപ്പെടുത്തിയിരിക്കുന്നത്.

| തീയ്യതി | തുക |
|---|---|
| 30.04.2021 | 5000 |

ബാങ്കുമായി ബന്ധപ്പെട്ട് ഈ വരവ് പഞ്ചായത്തിന് അർഹതപ്പെട്ടതാണോയെന്ന് പരിശോധിച്ച് അത് ഉചിതമായ ശീർഷകത്തിൽ വരവ് വയ്ക്കേണ്ടതും കണക്കിലെടുക്കേണ്ടതുമാണ്. ഈ തുകകൾ ബാങ്ക് പാസ്സ്ബുക്കിൽ രേഖപ്പെടുത്തലുകൾ വന്നിട്ട് മാസങ്ങൾ കഴിഞ്ഞാണ് വാർഷിക കണക്കുകൾ അന്തിമമാക്കിയിട്ടുള്ളതെങ്കിലും മേൽപ്രകാരം നടപടി സ്വീകരിക്കാത്തതിനാൽ ഈ തുകകൾ 2021-22 ലെ വാർഷിക കണക്കിൽ ഉൾപ്പെടാതെ പോയി.

## 1-10-13 സുലേഖ ചെലവ് പത്രിക കൃത്യമല്ല

വാർഷിക കണക്ക് പ്രകാരം 2021-22 വർഷത്തിൽ വികസന ഫണ്ട് (പൊതു വിഭാഗം) ഇനത്തിലെ ആകെ ചെലവ് 1,79,77,000/- രൂപയാണ് (16310600+1666400(go Projects). എന്നാൽ ഓഡിറ്റിന് ലഭ്യമാക്കിയ 2021-22 വർഷത്തെ സുലേഖ ചെലവ് പത്രിക പ്രകാരം ഈയിനത്തിലെ ചെലവ് 1,79,62,000/- രൂപയാണ്. വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണോദ്യോഗസ്ഥനായ പ്രൊജക്ട് നമ്പർ 177/22 ശുചിത്വ സുന്ദര മച്ചാട് എന്ന പ്രൊജക്ടിനായി ചെലവഴിച്ച 15000/-- രൂപ ചെലവ് സ്റ്റേറ്റ്മെന്റിൽ ഉൾപ്പെട്ടിട്ടില്ല.
സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായ പ്രൊജക്ട് നമ്പർ 253/22 കോവിഡ് പ്രതിരോധപ്രവർത്തനം-ആമ്പുലൻസ് വാങ്ങൽ എന്ന പ്രൊജക്ടിലെ ബ്ളോക്ക് വിഹിതത്തിലെ ചെലവ് 800000/- ചെലവ് സ്റ്റേറ്റ്മെന്റിൽ ഉൾപ്പെട്ടിട്ടില്ല.

## 1-10-14 പ്രത്യേകോദ്ദേശ്യ ഗ്രാന്റ് തുകകൾ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-4 പ്രകാരം പ്രത്യേകോദ്ദേശ്യ ഗ്രാന്റ് തുകകൾ, ഗുണഭോക്തൃവിഹിതം എന്നീ ഇനങ്ങളിൽ ചെലവഴിക്കാൻ 31/3/2022 ൽ ബാക്കിയുള്ള തുകയും ഈയാവശ്യത്തിനായുള്ള അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല.

| Code | ബി -4 പ്രകാരം | അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം |
|---|---|---|
| Other Liabilities | 39,49,753 | രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല |
| Grants Other Than Development Fund And State Sponsered Scheme Funds -Other Purposes | 76,800 | രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല |
| Grants-jalanidhi | 54,577 | രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല |
| Contributions For Joint Venture Projects-from Muncipal Corporations | 18,34,792 | രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല |

| | | |
|---|---|---|
| Contributions For Joint Venture Projects-from District Panchayats | 17,44,600 | 0 |

1-10-15 വായ്പ തുക വാർഷികകണക്കിൽ നെഗറ്റീവ് ആയി രേഖപ്പെടുത്തി

ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-5 Secured Loan From Banks പ്രകാരം (-)365000/- രൂപ വായ്പ ഇനത്തിൽ തിരിച്ചടക്കാൻ ബാക്കിയുണ്ട്. ഈ തുകയുടെ വിശദാംശങ്ങൾ വായ്പ രജിസ്റ്ററിലില്ല. വായ്പ തുക നെഗറ്റീവ് ആകാനുണ്ടായ സാഹചര്യം വ്യക്തമാക്കേണ്ടതാണ്.

1-11 തൊഴിൽ നികുതി ഈടാക്കായിട്ടില്ല

ഗ്രാമപഞ്ചായത്ത് പ്രദേശത്ത് ഒരു അർദ്ധവർഷത്തിൽ ആകെ 60 ദിവസത്തിൽ കുറയാതെ താമസിച്ച് കൊണ്ട് അതിന് വെളിയിലോ, ഒരു തൊഴിലിലോ, കലയിലോ, ജോലിയിലോ ഏർപ്പെട്ടിരിക്കുന്നതോ അല്ലെങ്കിൽ ബിസിനസ്സ് നടത്തുകയോ പൊതുവോ സ്വകാര്യമായോ ആയ ഏതെങ്കിലും ഉദ്യോഗം വഹിക്കുന്നതോ മുതൽ മുടക്കുകളിൽ നിന്ന് ഏതെങ്കിലും ആദായം ലഭിച്ച് കൊണ്ടിരിക്കുകയും ചെയ്യുന്നതോ ആയ ഏതൊരാളും തൊഴിൽ നികുതി നൽകുവാൻ ബാധ്യസ്ഥരാണ്. (കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204).

1. അസി.എഞ്ചിനീയറുടെ എഗ്രിമെന്റ് രജിസ്റ്റർ പരിശോധിച്ചതു പ്രകാരം 2021-22 വർഷ കാലയളവിൽ പഞ്ചായത്തിന്റെ പൊതുമരാമത്ത് പണികൾക്കായി AE യുമായി കരാറിലേർപ്പെട്ടിട്ടുള്ള താഴെ പറയുന്ന കരാറുകാരിൽ നിന്ന് തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല.

| ക്രമ നം. | പേര്. | ക്രമ നം. | പേര്. |
|---|---|---|---|
| 1. | ഡെൽമൻ ദേവസ്യ | 15. | ശശികുമാർ ടി.എൻ |
| 2. | മുസ്തഫ എ | 16. | ഉമ്മർ എം.എ |
| 3. | അഖിൽ ശശി | 17. | ജമാൽ |
| 4. | ഫഹദ് എ.വി | 18. | ജോർജ് പി സി |
| 5. | മുഹമ്മദ് കുട്ടി എം.കെ | 19. | ജോൺസൺ വി വി |
| 6. | അഭിലാഷ് | 20. | ദേവസി പി സി |
| 7. | രജീബ് | 21. | ധിപിൻ ഇ എസ് |
| 8. | ഹക്കീം എൻ | 22. | മുഹമ്മദലി |
| 9. | സജയകുമാർ | 23. | അബ്ദുൽ ഖാദർ എ.വി |
| 10. | സാംകുമാർ | 24. | സജയകുമാർ |
| 11. | പി മമ്മിക്കുട്ടി | 25. | സനീഷ് എ.എസ് |
| 12. | ലോനകുട്ടി കെ.പി. | 26. | രാഗേഷ് കെ ആർ |
| 13. | ബിനോയ് ജേക്കബ് | 27. | ജൈജു മഞ്ഞളി |
| 14. | സന്തോഷ് കുമാർ | | |

ആയത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് ചില കരാറുകാർ മറ്റ പഞ്ചായത്തുകളിൽ തൊഴിൽ നികുതി അടവാക്കിയിട്ടുണ്ടെന്നും തൊഴിൽ നികുതി അടവാക്കാത്തവരിൽ നിന്നും ആയത് ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും മറുപടി നൽകിയിട്ടുണ്ട്. തൊഴിൽ നികുതി ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

2. ഓഡിറ്റ് എൻക്വയറിയുടെ ഫലമായി 2021 - 22 വർഷത്തെ തൊഴിൽ നികുതി, അക്ഷയ കേന്ദ്രം പുന്നംപറമ്പ്, മിൽക്ക് സൊസൈറ്റി വട്ടായി, ഗ്രേസ് ഡെന്റൽ ക്ലിനിക് എന്നീ സ്ഥാപനങ്ങളിൽ നിന്നും 15.02.2023 ന് അടവാക്കിയിട്ടുള്ളതാണ്. എന്നാൽ ധന്വന്തരിയം ആയുർവേദ നേഴ്സിങ് ഹോം റിസർച്ച് സെൻറർ എന്ന സ്ഥാപനത്തിലെ ജീവനക്കാരിൽ നിന്നും ഈടാക്കിയിട്ടില്ല.

പഞ്ചായത്ത് രാജ് നിയമത്തിലെ 243 ാം വകുപ്പ് നൽകിയ അധികാരം ഉപയോഗിച്ച് തൊഴിൽ നികുതി പിരിച്ചെടുക്കാൻ നടപടി ഉണ്ടാകേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നം. 17 / 14.02.23)

## 1-12 ഫാക്ടറികൾക്കും വ്യാപാര സ്ഥാപനങ്ങൾക്കും ലൈസൻസ് അനുവദിക്കൽ-അപാകതകൾ

ഫാക്ടറികൾക്കും വ്യാപാര സ്ഥാപനങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് ചുവടെ ചേർക്കുന്ന അന്വേഷണങ്ങൾക്ക് കൃത്യമായ മറുപടി ലഭ്യമാക്കാൻ ആവശ്യപ്പെട്ടിരുന്നുവെങ്കിലും ആയത് ലഭ്യമായില്ല.

1. തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 31.10.2017 ലെ ജി.ഒ (പി). നം. 80/ 2017/ ത.സ്വ.ഭ.വ ഉത്തരവ്, എസ്.ആർ.ഒ. നം.674/2017 പ്രകാരം പുറപ്പെടുവിച്ച വിജ്ഞാപനം എന്നിവയനുസരിച്ച് മൈക്രോ, മിനി, സ്മാൾ, മീഡിയം, ലാർജ്ജ് എന്നിങ്ങനെ വിവിധ തട്ടുകളായി മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ തരം തിരിച്ചാണ് ലൈസൻസ് ഫീസ് ഈടാക്കേണ്ടത്. പ്രസ്തുത ഉത്തരവ് പ്രകാരം ഏറ്റവും കുറഞ്ഞ മൂലധന നിക്ഷേപമുള്ള സ്ഥാപനങ്ങൾക്ക് ഈടാക്കാവുന്ന പരമാവധി തുക 500 രൂപയായി നിജപ്പെടുത്തിയിട്ടുണ്ട്. ഗ്രാമപഞ്ചായത്തിൽ 500,1000 എന്നിങ്ങനെ നിരക്കുകൾ ലൈസൻസ് ഫീ ആയി ഈടാക്കി വരുന്നു. പ്രസ്തുത നിരക്കുകൾ ഈടാക്കുന്നതിന് നിർദ്ദേശിച്ചുകൊണ്ടുള്ള ഭരണസമിതി തീരുമാനം പരിശോധനയ്ക്ക് ആവശ്യപ്പെട്ടിരുന്നുവെങ്കിലും മറുപടി ലഭ്യമായിട്ടില്ല. ലൈസൻസ് നൽകൽ നടപടിക്രമങ്ങളിൽ ചട്ടങ്ങളും സർക്കാർ ഉത്തരവുകളും പാലിക്കപ്പെടുന്നുണ്ടെന്ന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഉറപ്പുവരുത്തേണ്ടതാണ്.

2. ലൈസൻസ് രജിസ്റ്റർ പ്രകാരം താഴെപ്പറയുന്ന പാരാമെഡിക്കൽ സ്ഥാപനങ്ങൾ 2021-22 വർഷം ലൈസൻസ് എടുത്തിട്ടുള്ളതായി കാണുന്നു.

A. മെട്രോ ഹൈടെക് ഹോളി ക്ലിനിക്

B. ഗ്രേസ് ഡെന്റൽ ക്ലിനിക് പുന്നംപറമ്പ്

C. വൈദ്യരത്നം ഔഷധശാല മണലിത്തറ ആയുർവേദ ഫാർമസിയും ക്ലിനിക്കും

എന്നാൽ ടി സ്ഥാപനങ്ങൾ രജിസ്ട്രേഷൻ ചെയ്തിട്ടുള്ളതായി കാണുന്നില്ല. ടി സ്ഥാപനങ്ങൾ രജിസ്ട്രേഷൻ നടത്തിയിട്ടുള്ളതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല.

3. പാരാമെഡിക്കൽ സ്ഥാപനങ്ങളുടെ രജിസ്റ്റർ പ്രകാരം സെൻറ് ആൻറണീസ് ഡിസ്പെൻസറി എന്ന പാരാമെഡിക്കൽ സ്ഥാപനം രജിസ്ട്രേഷൻ നടത്തിയിട്ടുള്ളതാണ്. എന്നാൽ ടി സ്ഥാപനത്തിന് ലൈസൻസ് അനുവദിച്ചതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല.

4. 2021-22 വർഷത്തിലേക്ക് വാണിജ്യ വ്യാപാര സ്ഥാപനങ്ങൾക്ക് ലൈസൻസ് അനുവദിച്ചിട്ടുള്ളതിൽ, അപേക്ഷയിൽ യന്ത്രശക്തി രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും, സ്ഥാപനങ്ങളിൽ നിന്നും മോട്ടോർ ഫീ ഈടാക്കിയതിന്റെ രേഖകൾ കണ്ടില്ല. താഴെ പറയുന്ന സ്ഥാപനങ്ങളിൽ നിന്നും മോട്ടോർ ഫീ ഈടാക്കിയതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല.

| ക്രമ നം. | ലൈസൻസ് രജിസ്റ്ററിലെ ക്രമ നം. | കെട്ടിട നം. | സ്ഥാപന ഉടമയുടെ പേര് | മോട്ടോർ ശക്തി (HP) | ഈടാക്കേണ്ടിയിരുന്ന മോട്ടോർ ഫീ |
|---|---|---|---|---|---|
| 1. | 154 | 02 /14/A | ബിനോയ് ജേക്കബ് | 13 | 200 |
| 2. | 94 | 07 /327 | എം.എൻ. രാധാകൃഷ്ണൻ | 10 | 100 |
| 3. | 73 | 02 /375 | കരുണാന്ദൻ | 10 | 100 |
| 4. | 67 | 17 /251 | സുരേന്ദ്രനാഥൻ | 12.5 | 200 |
| 5. | 7 | 17 /528 | മധുസൂദനൻ | 10 | 100 |
| 6. | 237 | 17 /482/A | ഷെറീന യൂസഫ് | 50 | 500 |
| 7. | 220 | 01 /329 | ഷഹനാസ് | 18 | 200 |

| | | | | | |
|---|---|---|---|---|---|
| 8. | 138 | 13 /180 13/181 | പി.ജെ. ജോർജ്ജ്കുട്ടി | 489.37 | 4893.7 |
| 9. | 127 | 12/176 12/177 | ആനന്ദൻ | 75 | 1000 |
| 10. | 105 | 01/51/A | കെ. ജയചന്ദ്രകുമാർ | 4 | 50 |
| 11. | 121 | 02/1/B | സെബാസ്റ്റ്യൻ | 40 | 400 |
| 12. | 109 | 09/541 09/542 | ജോർജ്ജ് മാടശ്ശേരി | 36 | 400 |
| 13. | 108 | 06/256 06/257 | ശങ്കരൻ ടി.എ | 20 | 200 |
| 14. | 74 | 13/172 | ബേബി | 15 | 200 |
| 15. | 83 | 18/118 | കെ.മോഹൻദാസ് | 12 | 200 |
| 16. | 89 | 11/54 | ഗ്രേസി ഐസക് | 10 | 100 |
| 17. | 20 | 10/274 | അഭിലാഷ്. ടി . പൌലോസ് | 20 | 200 |
| 18. | 09 | 01/392 | ആനി വറീത് | 65 | 1000 |
| 19. | 03 | 10/293 | ഗോപാലകൃഷ്ണൻ ടി.കെ | 285 | 2850 |
| 20. | 02 | 10/294 | രവീന്ദ്രൻ ടി.കെ | 115 | 2000 |
| 21. | 01 | 08/448 | ജോർജ്ജ് എൻ.ടി. | 3 | 50 |

ലൈൻസിനായുള്ള അപേക്ഷയിന്മേൽ ശരിയായ പരിശോധന നടത്തിയും സ്ഥാപനത്തിൽ കൃത്യമായ പ്രാദേശിക പരിശോധന നടത്തിയും ഇലക്ട്രിക്ക് മോട്ടോർ ഉള്ള പക്ഷം ആയതിന് അനുസൃതമായ മോട്ടോർ ഫീ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

5. 2021-22 സാമ്പത്തിക വർഷത്തിൽ പഞ്ചായത്തിൽ ലൈസൻസിനായി സമർപ്പിച്ച ഭൂരിഭാഗം അപേക്ഷകളിലും മൂലധന നിക്ഷേപം സംബന്ധിച്ച വിവരങ്ങളും ജീവനക്കാരുടെ എണ്ണവും ചേർത്തിട്ടില്ല. ലൈസൻസിനായി സമർപ്പിച്ച എല്ലാ അപേക്ഷകളോടൊപ്പവും അപേക്ഷയുടെ അന്വേഷണ റിപ്പോർട്ടിലും മേൽ വിവരങ്ങൾ ഉൾപ്പെടുത്താതെ ലൈസൻസ് ഫീ കണക്കാക്കിയത് എങ്ങനെ എന്ന് അറിയിക്കേണ്ടതാണ്.

6. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന താഴെ പറയുന്ന സ്ഥാപനങ്ങളിൽ നിന്നും 2021-22 സാമ്പത്തിക വർഷം ലൈസൻസ് ഫീ ഈടാക്കിയിട്ടുള്ളതിന്റെ രേഖകൾ ലഭ്യമാക്കിയിട്ടില്ലാത്തതാണ്.
1. ക്ഷീര വികസന സംഘങ്ങൾ
(ഉദാ:- കാരുമാത്ര ക്ഷീരോൽപാദക സഹകരണ സംഘം, ക്ഷീരസംഘം-പുന്നംപറമ്പ്, മിൽക്ക് സൊസൈറ്റി-വട്ടായി, മിൽക്ക് സൊസൈറ്റി-കല്ലമ്പറമ്പ് )
2. ജിംനേഷ്യം
3. റേഷൻകടകൾ
4. കള്ള് ഷാപ്പുകൾ
5. കോസ്മോ വിഷൻ ഹെർബൽ ഇന്ത്യ പ്രൈ. ലി
6 .എ.ആർ. ബിൽഡിംഗ് മാർട്ട്
കേരള പഞ്ചായത്ത് രാജ് ( ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കും ലൈസൻസ് നൽകൽ ) ചട്ടങ്ങൾ പ്രകാരമുള്ള ലൈസൻസ് ഫീ ഈടാക്കുന്നതിന് പഞ്ചായത്ത് രാജ് നിയമത്തിലെ 243 ാം വകുപ്പ് നൽകിയ അധികാരം ഉപയോഗിച്ച് പിരിച്ചെടുക്കാൻ നടപടി

ഉണ്ടാകേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നം. 18/ 14.02.23)

## 1-13 സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

2021-22 സ്ഥാപന തൊഴിൽനികുതി രജിസ്റ്റർ തയ്യാറാക്കിയിട്ടില്ലാത്തതിനാൽ താഴെപ്പറയുന്ന സ്ഥാപനങ്ങൾ സ്ഥാപന തൊഴിൽ നികുതി ഈടാക്കിയതിന്റെ വിവരങ്ങൾ പരിശോധിക്കുന്നതിനായി നികുതി അടവാക്കിയതിന്റെ രേഖകൾ ഹാജരാക്കുവാൻ ആവശ്യപ്പെട്ടിരുന്നു. എന്നാൽ ടി സ്ഥാപനങ്ങൾ തൊഴിൽ നികുതി അടവാക്കിയിട്ടില്ല എന്ന മറുപടിയാണ് ലഭിച്ചത്.

1. കേരള വാട്ടർ അതോറിറ്റി
2. ബിഎസ്എൻഎൽ , പുന്നംപറമ്പ്
3. ക്ഷീരസംഘം പുന്നംപറമ്പ്
4. കള്ള് ഷാപ്പുകൾ

A. വടക്കാഞ്ചേരി റേഞ്ച് ഗ്രൂപ്പ് 8

B. വടക്കാഞ്ചേരി റേഞ്ച് ഗ്രൂപ്പ് 7

5. റേഷൻ കടകൾ

ഡബ്ല്യൂ.പി.സി 16670/06നം കേസിന്റെ അന്തിമ വിധിയിൽ സ്ഥാപനതൊഴിൽ നികുതി ഈടാക്കുന്നതിൽ നിന്നും ബി.എസ്.എൻ.എൽ സ്ഥാപനങ്ങളെ ഒഴിവാക്കണമെന്ന വാദം ബഹു.കേരള ഹൈക്കോടതി തള്ളിയ സാഹചര്യത്തിൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ബി.എസ്.എൻ.എൽ സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കേണ്ടതാണ്.

തൊഴിൽ നികുതി പഞ്ചായത്ത് രാജ് നിയമത്തിലെ 243ാം വകുപ്പ് നൽകിയ അധികാരം ഉപയോഗിച്ച് നികുതി പിരിച്ചെടുക്കാൻ നടപടി ഉണ്ടാകേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നം. 15 & 20 / 14.02.23)

## 1-14 റസിഡൻഷ്യൽ കെട്ടിടങ്ങളുടെ വസ്തുനികുതി ഇളവ് നൽകിയതിലെ അപാകതകൾ

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം, 2011-ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും ) ചട്ടങ്ങൾ എന്നിവ പ്രകാരം ഗ്രാമപഞ്ചായത്തിൽ 2021-22 സാമ്പത്തിക വർഷം വസ്തുനികുതി നിർണയം നടത്തിയ കെട്ടിടങ്ങളുടെ വിശദാംശങ്ങൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1. സ.ഉ(കൈ)നം.106/17/തസ്വഭവ തീ.26.05.2017 പ്രകാരം വിമുക്ത ഭടന്മാർക്ക്/വിമുക്ത ഭടന്മാരുടെ ഭാര്യമാർക്ക്/ വിധവകൾക്ക് കെട്ടിട നികുതിയിൽ ഇളവ് അനുവദിക്കുമ്പോൾ നിർദ്ദിഷ്ട മാതൃകയിലുള്ള സാക്ഷ്യപത്രം, കെട്ടിട നികുതി ഇളവിന് അർഹരായവർ ഓരോ വർഷവും മാർച്ച് 31 ന് മുമ്പായി ഗ്രാമപഞ്ചായത്തിൽ സമർപ്പിക്കേണ്ടതാണ്. സഞ്ചയയിൽ നിന്നുള്ള റിപ്പോർട്ട് പ്രകാരം താഴെ പറയുന്ന കെട്ടിട നമ്പറുകൾക്ക് ഇളവ് അനുവദിച്ചതായി കാണുന്നു.

| ക്രമ. നം. | കെട്ടിട നം. | ക്രമ. നം. | കെട്ടിട നം. | ക്രമ. നം. | കെട്ടിട നം. | ക്രമ. നം. | കെട്ടിട നം. |
|---|---|---|---|---|---|---|---|
| 1 | 1/113 | 22 | 5/14 | 43 | 7/270 | 64 | 14146 |
| 2 | 1/143/B | 23 | 5/17 | 44 | 7/456/A | 65 | 14/471 |
| 3 | 1/545 | 24 | 5/79 | 45 | 8/47 | 66 | 16/39 |
| 4 | 2/18 | 25 | 5/102 | 46 | 8/96 | 67 | 16/49 |
| 5 | 2/144 | 26 | 5/111 | 47 | 8/258 | 68 | 16/379 |
| 6 | 2/148 | 27 | 5/129 | 48 | 8/316 | 69 | 16/449 |
| 7 | 2/197 | 28 | 5/130 | 49 | 8/412 | 70 | 16/449/A |
| 8 | 2/236 | 29 | 5/265 | 50 | 9/472 | 71 | 16/505 |
| 9 | 2/263 | 30 | 5/296 | 51 | 11/30 | 72 | 16/516 |

| | | | | | | | |
|---|---|---|---|---|---|---|---|
| 10. | 2/444 | 31 | 5/318 | 52 | 12/29 | 73 | 17/155 |
| 11 | 2/456 | 32 | 5/325 | 53 | 12/248 | 74 | 17/174 |
| 12 | 2/480 | 33 | 6/22 | 54 | 12/279/J | 75 | 17/189 |
| 13 | 3/80 | 34 | 6/85 | 55 | 12/296 | 76 | 17/317 |
| 14 | 3/254/A | 35 | 6/86 | 56 | 12/464 | 77 | 18/16 |
| 15 | 3/286 | 36 | 6/152/A | 57 | 12/467 | 78 | 18/36/A |
| 16 | 3/302 | 37 | 6/348 | 58 | 13/382 | 79 | 18/181 |
| 17 | 3/348 | 38 | 6/461 | 59 | 13/449 | 80 | 18/479 |
| 18 | 3/364 | 39 | 6/478 | 60 | 13/457 | 81 | 18/482 |
| 19 | 3/367 | 40 | 6/544 | 61 | 14/52 | 82 | 18/498/A |
| 20 | 3/396 | 41 | 7/9/A | 62 | 14/60 | | |
| 21 | 4/349 | 42 | 7/19 | 63 | 14/129 | | |

എന്നാൽ കെട്ടിട ഉടമ നിർദ്ദിഷ്ട മാതൃകയിലുള്ള അപേക്ഷ / സാക്ഷ്യപത്രം നൽകിയതായോ സ്റ്റാൻഡിങ് കമ്മിറ്റി അംഗീകാരം ലഭിച്ചതായോ കാണുന്നില്ല. അപേക്ഷ സമർപ്പിക്കാത്തവർക്ക് ഇളവ് നൽകിയതിന്റെ കാരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടിരുന്നുവെങ്കിലും ആയത് ലഭ്യമാക്കിയിട്ടില്ലാത്തതാണ്.

2) ഷെക് ആസിഫിന്റെ പേരിലുള്ള കെട്ടിട നം. 15/100 എന്ന കെട്ടിടത്തിന് വാക്കൻസി റെമിഷൻ അനുവദിച്ചതായി കാണുന്നു. എന്നാൽ ടിയാളുടെ നികുതി ഇളവിനായുള്ള അപേക്ഷ ഹാജരാക്കുവാൻ ആവശ്യപ്പെട്ടിരുന്നുവെങ്കിലും ആയത് ലഭ്യമാക്കിയിട്ടില്ല.

3) 2011-ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, ചട്ടം 24 (3) പ്രകാരം ഗ്രാമപഞ്ചായത്ത് പ്രദേശത്തുള്ള ഏതെങ്കിലും കെട്ടിടം പൊളിച്ചു കളയുകയോ നശിപ്പിക്കുകയോ ചെയ്യുകയാണെങ്കിൽ, കെട്ടിട ഉടമസ്ഥൻ അതു സംബന്ധിച്ച് സെക്രട്ടറിക്ക് നോട്ടീസ് നൽകേണ്ടതും, ആ കെട്ടിടം പൊളിച്ചുകളയുകയോ നശിപ്പിക്കുകയോ ചെയ്യുന്ന അർദ്ധവർഷത്തിന്റെ അവസാനം വരെ, അപ്രകാരം ചെയ്തിട്ടില്ലായിരുന്നുവെങ്കിൽ ചുമത്തപ്പെടുമായിരുന്ന വസ്തു നികുതി നൽകുവാൻ അയാൾ ബാദ്ധ്യസ്ഥനായിരിക്കുന്നതുമാണ്

2021-22 സാമ്പത്തിക വർഷത്തിൽ, പൊളിച്ച് കളഞ്ഞ കെട്ടിടങ്ങൾക്ക് വസ്തു നികുതി ഒഴിവാക്കിയ ഇനത്തിൽ ആകെ 20 കെട്ടിടങ്ങൾക്ക് നികുതി ഒഴിവാക്കി നൽകിയിട്ടുണ്ട്. എന്നാൽ 10 കെട്ടിട ഉടമകൾ മാത്രമാണ് ആയതിനുള്ള അപേക്ഷ സമർപ്പിച്ചിട്ടുള്ളത്. താഴെ പറയുന്ന കെട്ടിട നമ്പറുകൾക്ക് നികുതി ഒഴിവാക്കിയതായി കാണുന്നു. ടി കെട്ടിട ഉടമകളുടെ അപേക്ഷ ലഭ്യമാക്കേണ്ടതാണ്.

| ക്രമ. നം. | കെട്ടിട നം. | ക്രമ. നം. | കെട്ടിട നം. |
|---|---|---|---|
| 1 | 1/309 | 6 | 10/91 |
| 2 | 4/308 | 7 | 11/292 |
| 3 | 5/32 | 8 | 12/374/A |
| 4 | 6/143 | 9 | 18/247 |
| 5 | 6/162 | 10 | 18/260 |

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം, 2011-ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും ) ചട്ടങ്ങൾ എന്നിവ പ്രകാരം വസ്തുനികുതി പിരിച്ചെടുക്കുന്നതിനും നികുതി ഇളവിന് അപേക്ഷ സമർപ്പിച്ചവർക്ക് മാത്രം ഇളവ് നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനും താൽപര്യപ്പെടുന്നു.
( ഓഡിറ്റ് എൻക്വയറി നം. 19/14.02.2023 )

## 1-15 നോൺ റസിഡൻഷ്യൽ കെട്ടിടങ്ങളുടെ വസ്തുനികുതി ഈടാക്കിയതിലെ അപാകതകൾ

1) 2011-ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, ചട്ടം 4 പ്രകാരം ഉപയോഗക്രമത്തിനനുസരിച്ച് ഓരോ കെട്ടിടങ്ങൾക്കും അടിസ്ഥാന വസ്തു നികുതി നിരക്ക് ഗ്രാമപഞ്ചായത്ത് പ്രമേയം മൂലം നിശ്ചയിക്കേണ്ടതാണ്. 100 മീറ്ററിൽ കൂടുതൽ വിസ്തീർണമുള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ ,ഗോഡൌൺ എന്നിവയ്ക്ക് ചതുരശ്ര മീറ്ററിന് അടിസ്ഥാന വസ്തു നികുതി 50/- രൂപയാണ് ഗ്രാമപഞ്ചായത്ത് നിശ്ചയിച്ചിട്ടുള്ളത്. എന്നാൽ സഞ്ചയ സോഫ്റ്റ് വെയർ പരിശോധിച്ചതിൽ 100 ച.മീറ്ററിൽ കൂടുതൽ വിസ്തീർണമുള്ള വാണിജ്യകെട്ടിടത്തെ 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൌൺ എന്നീ ഉപയോഗക്രമത്തിൽ ഉൾപ്പെടുത്തി, അടിസ്ഥാനവസ്തു നികുതി ചതുശ്ര അടിക്ക് 30/- രൂപ നിരക്കിലാണ് വസ്തു നികുതി നിർണയിച്ചിരിക്കുന്നത്. വിശദാംശം ചുവടെ ചേർക്കുന്നു.

